പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2963 **29-10-2026-ൽ മറുപടിയ്ക്ക്**

പൊതുവിദ്യാലയങ്ങളിലെ അധ്യാപകരുടെ അധിക ചുമതലകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. ഡി. തോമസ് ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് അധ്യാപന-അക്കാദമിക പ്രവർത്തനങ്ങൾക്കു പുറമെ വിവിധ ഭരണപരവും മറ്റ് അനുബന്ധ ചുമതലകളും ഏൽപ്പിക്കുന്നതിനാൽ കുട്ടികളുടെ പഠനകാര്യങ്ങളിൽ ആവശ്യമായ പൂർണ്ണ ശ്രദ്ധയും സമയവും നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: പൊതുവിദ്യാലയങ്ങളിലെ അധ്യാപകരുടെ പ്രധാന ഉത്തരവാദിത്തം അധ്യയനവും അക്കാദമിക പ്രവർത്തനങ്ങളുമാണെങ്കിലും, സർക്കാരിന്റെ വിവിധ ഓദ്യോഗിക കണക്കെടുപ്പുകൾ, ഒഴിവാക്കാനാകാത്ത സെൻസസ് പോലുള്ള ദേശീയ പ്രാധാന്യമുള്ള മറ്റ് അടിയന്തര ചുമതലകൾ എന്നിവ മാത്രമാണ് നിലവിൽ നൽകിവരുന്നത്. ഇത് കുട്ടികളുടെ പഠനത്തെ ബാധിക്കാത്ത രീതിയിൽ ക്രമീകരണങ്ങൾ നടത്താറുണ്ട്.

(ബി) അധ്യാപകർക്ക് നിലവിൽ ഏൽപ്പിച്ചിട്ടുള്ള അധ്യാപനേതര ചുമതലകൾ സംബന്ധിച്ച് വിശദമായ അവലോകനം നടത്തുമോ; അക്കാദമിക ചുമതലകൾക്ക് തടസ്സമാകുന്ന അനാവശ്യ അധ്യാപനേതര ചുമതലകൾ ഒഴിവാക്കുന്നതിനോ പരിമിതപ്പെടുത്തുന്നതിനോ നടപടി സ്വീകരിക്കുമോ;

മറുപടി: അധ്യാപകരുടെ അക്കാദമിക പ്രവർത്തനങ്ങളെ ബാധിക്കുന്ന തരത്തിലുള്ള അനാവശ്യ അധ്യാപനേതര ചുമതലകൾ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ഉത്തരവുകളും ചുമതലകളും കൃത്യമായി അവലോകനം ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് അധ്യാപകരുടെ മേലുള്ള മറ്റ് അധിക ഭാരങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്

(സി) അധ്യാപകരുടെ പ്രധാന ഉത്തരവാദിത്തം അധ്യാപനവും വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തലുമാക്കി ഉറപ്പുവരുത്തുന്നതിന് വ്യക്തമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ?

മറുപടി: അധ്യാപകരുടെ മുഖ്യ ചുമതല ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുക എന്നതാണെന്ന് ഉറപ്പുവരുത്തുന്നതിനായി എസ്. സി.ഇ.ആർ.ടി (SCERT), സമഗ്ര ശിക്ഷ കേരള (SSK) എന്നിവയുടെ നേതൃത്വത്തിൽ വിവിധ പരിശീലന പരിപാടികളും അക്കാദമിക പിന്തുണയും നൽകിവരുന്നുണ്ട്. വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിൽ അധ്യാപകർ പൂർണ്ണ ശ്രദ്ധ

കേന്ദ്രീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്ന സർക്കുലറുകളും മാർഗനിർദ്ദേശങ്ങളും ആവശ്യാനുസരണം പൂറപ്പെടുവിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ